**D 93754** (Pages : 3) Name.....................................

Reg. No.....................................

## FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2020

(CUCBCSS)

Malayalam

MAL 1A 01—MALAYALA SAHITHYAM I

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 ഭാഗവതത്തിലെ ഏതു ഭാഗമാണ് കൃഷ്ണഗാഥയ്ക്കടിസ്ഥാനം ?

2 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്ന് എഴുത്തച്ഛനെ വിശേഷിപ്പിച്ചതാര് ?

3 തുള്ളൽ പ്രസ്ഥാനത്തിലെ പ്രഥമകൃതി ഏത് ?

4 ഭൂമിയുടെ അവകാശികളായി ബഷീർ വായനക്കാർക്കു മുന്നിൽ അവതരിപ്പിക്കുന്നതാരെ ?

5 മാപ്പിളപ്പാട്ടിലെ ഭാഷ അറിയപ്പെടുന്നതേതുപേരിൽ ?

6 മലയാളത്തിലെ ആദ്യ മൃഗകഥാകാരനാര് ?

7 "ആരെക്കണ്ടാലും കൊള്ളാം, എവിടെപ്പോയാലും കൊള്ളാം. എനിക്കിപ്പം ഓടാനുമൊന്നും വയ്യ. ധൃതിയുള്ളവരങ്ങു പോണം". ഏതു കഥയിലെ സംഭാഷണമാണിത് ?

8 അദ്ധ്യാപകകഥകളിൽ പ്രസിദ്ധമായ പൊതിച്ചോറ് എന്ന കഥയുടെ രചയിതാവ് ആര് ?

9 കുചേലവൃത്തം വഞ്ചിപ്പാട്ടിലെ വൃത്തമേത് ?

10 ബദറുൽമുനീർഹുസ്നുൽജമാൽ എന്ന മാപ്പിളപ്പാട്ട് ഏതു നഗരത്തിന്റെ പശ്ചാത്തലത്തിലാണ് രചിച്ചിരിക്കുന്നത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 ബസ്സുയാത്ര എന്ന കഥയിലെ മുഖ്യപ്രമേയമെന്ത് ?

12 "നല്ല മരതകക്കല്ലിനോടൊത്തൊരു
കല്ല്യാണരൂപൻ കുമാരൻ മനോഹരൻ"

—ആര് ആരെക്കുറിച്ച് പറയുന്നതാണിത് ?

Turn over

13 “ഈ കാലമത്രയും നമുക്ക് പാൽ തന്നിട്ട് ഇപ്പോഴെങ്ങനെയാണ് ഏതോ ഒരു സ്ത്രീയാകുന്നത് ? ഇല്ല, ഇല്ല ഒരിക്കലും ”—ആരുടെ ചിന്തയാണിത് ? ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

14 “മല്ലാക്ഷികളെ കൊല്ലരുതെന്നാ-

മല്ലാരാതിക്കില്ല വിചാരം”

—ആരുടെ വാക്കുകൾ ? മല്ലാരാതി ആര് ?

15 “ആശയായുള്ള പാശമിതിങ്കേന്നു

വേർവിടാതെ കരേറുന്നു മേൽക്കുമേൽ”

വ്യക്തമാക്കുക.

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

16 “എമ്പ്രാനപ്പം കട്ടു ഭുജിച്ചാ-

ലമ്പലവാസികളൊക്കെക്കക്കും”

—സന്ദർഭവും ആശയവും വിവരിക്കുക.

17 “കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-

മുണ്ണികളെയെനിക്കെന്തിതു തോന്നുവാൻ

—ഗാന്ധാരി സ്വയം ഇങ്ങനെ ചോദിച്ചതെപ്പോൾ ? വിശദീകരിക്കുക.

18 ബഷീർ കഥകളുടെ സവിശേഷതകൾ വിവരിക്കുക.

19 കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ഏവ ?

20 അവഗണിക്കപ്പെടുന്ന കൗമാരം സ്ഫോടനാത്മകമാണ്. ‘ദയ എന്ന വികാരം’—ഈ ആശയം അവതരിപ്പിക്കുന്നതെങ്ങനെ ?

21 “നേരം പോയ് നേരം പോയ് ” എന്ന നാടൻപാട്ട് മുന്നോട്ടു വെക്കുന്ന ആശയതലം എന്ത് ?

22 ജ്ഞാനപ്പാനയിലെ തത്വചിന്തകൾ സംഗ്രഹിക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

23 ആത്മാർത്ഥ സ്നേഹത്തിന് സ്ഥാനമാനങ്ങൾ തടസമല്ല എന്ന് കൃഷ്ണഗാഥയിലെ കുചേലഗതി വെളിവാക്കുന്നു. സമർത്ഥിക്കുക.

24 ഭാവിയിലേക്കു നീളുന്ന കാഴ്ചപ്പാടും, മികവുറ്റ പ്രകൃതിദർശനവും ഭൂമിയുടെ അവകാശികൾ എന്ന കഥയെ സവിശേഷമാക്കുന്നു. പരിശോധിക്കുക.

25 തീവ്രമായ മാതൃദുഃഖത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്ക്കാരമാണ് ഗാന്ധാരീ വിലാപത്തെ മിഴിവുറ്റതാക്കുന്നത്. വ്യക്തമാക്കുക.

26 ദാമ്പത്യ ബന്ധത്തിലെ തീവ്രസ്നേഹവും അസ്വാരസ്യങ്ങളും ബസ്സുയാത്ര എന്ന കഥയിൽ ചിത്രീകരിക്കപ്പെടുന്നു. വിശദീകരിക്കുക.

27 കത്തുന്ന രഥചക്രം എന്ന ശീർഷകം പ്രസ്തുത കഥയ്ക്ക് എത്രമാത്രം അനുയോജ്യമാണ് എന്ന് പരിശോധിക്കുക.

28 കലാകാരന്റെ കലാസൃഷ്ടി അയാളുടെ ഹൃദയവികാരങ്ങളുടെ ആവിഷ്ക്കാരമാണ്. സമാനഹൃദയർക്കേ അത് മനസ്സിലാക്കാൻ സാധിക്കൂ. മരപ്പാവകൾ എന്ന കഥയെ മുൻനിർത്തി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

(4 × 10 = 40 marks)